# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1016 08.01.2014-ൽ മറുപടിയ്ക്ക്

**കോഴിക്കോട് ജില്ലയിലെ മോഡൽ റസിഡൻഷ്യൽ സ്കൂൾ**

**ചോദ്യം** **ഉത്തരം**

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

**ശ്രീ. എ.പി. അനിൽകുമാർ**
**(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് ജില്ലയിലെ മോഡൽ റസിഡൻഷ്യൽ സ്കൂൾ എവിടെയാണ് പ്രവർത്തിക്കുന്നത്; വ്യക്തമാക്കുമോ. | (എ) | ബാലുശ്ശേരി നിയോജക മണ്ഡലത്തിൽ ഉള്ള്യേരി ഗ്രാമപഞ്ചായത്തിൽ. |
| (ബി) | പ്രസ്തുത സ്കൂൾ വാടകകെട്ടിടത്തിലാണോ പ്രവർത്തിക്കുന്നതെന്നും എങ്കിൽ വാടക തുക എത്രയാണ് എന്നും വ്യക്തമാക്കുമോ ; | (ബി) | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. വാടക പ്രതിമാസം 1,75,000/-രൂപയാണ്. |
| (സി) | പ്രസ്തുത സ്കൂളിനുവേണ്ടി പേരാമ്പ്ര മണ്ഡലത്തിൽ ഭൂമി വാങ്ങിയിരുന്നോ; എങ്കിൽ എത്ര ഭൂമി വാങ്ങിയിട്ടുണ്ടെന്നും എപ്പോഴാണ് വാങ്ങിയത് എന്നും വ്യക്തമാക്കുമോ; | (സി) | പേരാമ്പ്ര മണ്ഡലത്തിൽ ഭൂമി വാങ്ങിയിട്ടില്ല. എന്നാൽ റവന്യൂ ഡിപ്പാർട്ട്മെന്റ് 9 ഏക്കർ ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ഭൂമിയിൽ സ്കൂളിന് കെട്ടിടം പണിയാത്തത് എന്തുകൊണ്ടാണ് എന്ന് വ്യക്ത മാക്കുമോ; | (ഡി) | പേരാമ്പ്ര മണ്ഡലത്തിലെ ചക്കിട്ടപ്പാറ വില്ലേജിൽ റവന്യൂ വകുപ്പിൽ നിന്നും പട്ടികജാതി വികസന വകുപ്പിന് കൈമാറി കിട്ടിയ ഭൂമിയെ സംബന്ധിച്ച കേസ് നിലനിൽക്കുന്നതിനാൽ പ്രസ്തുത സ്ഥലത്ത് നിൽക്കുന്ന കുഴിക്കൂറുകൾ ഒന്നും തന്നെ മുറിച്ചുമാറ്റാൻ പാടില്ല എന്ന നിബന്ധന ഉണ്ടായിരുന്നതുകൊണ്ടാണ് പ്രസ്തുത സ്ഥലത്ത് എം.ആർ.എസ് ആരംഭിക്കാൻ കഴിയാതിരുന്നത്. |
| (ഇ) | സ്കൂളിന് കെട്ടിടം പണിയാൻ സ്വന്തം ഭൂമിയുള്ളപ്പോൾ ഇതേ ആവശ്യത്തിന് കോഴിക്കോട് ജില്ലയിലെ മറ്റേതെങ്കിലും ഭാഗത്ത് ഭൂമി വാങ്ങിയിട്ടുണ്ടോ; എങ്കിൽ എവിടെയാണെന്നും അത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കുമോ? | (ഇ) | മരുതോങ്കര ഗ്രാമപഞ്ചായത്തിൽ ഭൂമി വാങ്ങിയിട്ടുണ്ട്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എം.ആർ.എസ്-ന് അടിയന്തിരമായി കെട്ടിടം നിർമ്മിക്കേണ്ടതിന്റെ ആവശ്യം മുൻനിർത്തി ജില്ലാ പഞ്ചായത്താണ് ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂമി വാങ്ങിയത്. |

Bali K.J

**സെക്ഷൻ ആഫീസർ**